# പത്താംതരം തുല്യതാപരീക്ഷ

# നവംബർ - 2016

# വിജ്ഞാപനം

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം –12**

സി.ജനറൽ(4)46545/2016/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം -12
തീയതി : 17/09/2016.

# വിജ്ഞാപനം

**വിഷയം- പത്താംതരം തുല്യതാപരീക്ഷ നവംബർ 2016- പരീക്ഷ നടത്തിപ്പ് സംബന്ധിച്ച്.**

**സൂചന - 1. ജി.ഒ.(എം.എസ്)നം. 78/2004/പൊ.വി.വ തീയതി 09/03/2004**

**2. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 26.06.2008 ലെ ഇ4/1981/08/ എന്ന നമ്പറിലെ കത്ത്.**

**3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3201/2008/പൊ.വി.വ തീയതി. 14.07.2008.**

**4. ജി.ഒ. (എം. എസ്) 87/10/പൊ.വി.വ. തീയതി. 29.05.2010.**

**5. സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2559/2012.പൊ.വി.വ തീയതി 04/06/2012.**

**6. സർക്കാർ ഉത്തരവ് (എം.എസ്)നം. 3432/12/പൊ.വി.വ. തീയതി 19/07/2012.**

**7. സർക്കാർ ഉത്തരവ് നമ്പർ.21/2015/ഉ.ഭ.പ.വ, തീയതി 29/06/2015.**

09/03/2004-ലെ ജി.ഒ.(എം.എസ്) 78/2004/പൊ.വി.വ ഉത്തരവ് പ്രകാരം ആരംഭിച്ച പത്താംതരം തുല്യതാ കോഴ്സിലെ പത്താമത് ബാച്ചിന്റെ പരീക്ഷ 14/11/2016 തിങ്കളാഴ്ച ആരംഭിച്ച് 26.11.2016 ശനിയാഴ്ച അവസാനിക്കുന്നതാണ്. ഗ്രേഡിംങ് രീതിയിൽ മാത്രമാണ് പരീക്ഷ നടത്തപ്പെടുന്നത്. ആദ്യമായി പരീക്ഷ എഴുതുന്ന മലയാളം, തമിഴ്, കന്നട മീഡിയം പരീക്ഷാർത്ഥികൾ മുഴുവൻ പേപ്പറുകളും എഴുതേണ്ടതാണ്. എന്നാൽ കഴിഞ്ഞ വർഷം ഗ്രേഡിംങ് രീതിയിൽ പരീക്ഷ എഴുതി വിജയിക്കാതെ പോയവർക്ക് പ്രസ്തുത വിഷയങ്ങൾക്ക് മാത്രമായി പരീക്ഷ എഴുതാവുന്നതാണ്.

ഉപരിപഠനത്തിനും പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾക്കും ജോലിക്കയറ്റത്തിനും പത്താംതരം തുല്യതാ പരീക്ഷാ സർട്ടിഫിക്കറ്റ് എസ് എസ്.എൽ.സി യ്ക്ക്

തുല്യമായി മേൽ സൂചന (1) & (7) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ വിജയിക്കാത്ത പത്താംതരം തുല്യത പരീക്ഷാർത്ഥികളുടെ സർട്ടിഫിക്കറ്റ് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പരാജയപ്പെട്ടവരുടെ സർട്ടിഫിക്കറ്റിനു തുല്യമായി പരിഗണിക്കുന്നതല്ല.

**ഗ്രേഡിംഗ് രീതിയിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ**

1) 14/06/2012 ലെ സ.ഉ. (സാധാ) നമ്പർ 2559/2012/പൊ.വി. പ്രകാരം 2011-12 മുതൽ പത്താംതരം തുല്യതാ പരീക്ഷയ്ക്ക് 9 പേപ്പറുകൾ ഉൾപ്പെടുന്ന പരീക്ഷയാണ് നടത്തുന്നത്. എല്ലാ പേപ്പറുകൾക്കും എഴുത്തുപരീക്ഷയും തുടർമൂല്യനിർണ്ണയവും ഉണ്ടായിരിക്കും.

2) **മാതൃഭാഷ, ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, ഗണിതം** എന്നീ വിഷയങ്ങൾക്ക് എഴുത്തു പരീക്ഷയുടേയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ **60:20** ഉം, **ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഐ.ടി.** എന്നീ വിഷയങ്ങൾക്ക് **30:10** ഉം, **ഹിന്ദിയുടേത് 40:10** എന്ന അനുപാതത്തിലും ആയിരിക്കും.

3) 60 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2½ മണിക്കൂറും, 30 സ്കോർ ഉള്ള വിഷയങ്ങൾക്ക് 1 ½ മണിക്കൂറും, ഹിന്ദി വിഷയത്തിന് 2 മണിക്കൂറുമാണ് പരീക്ഷാ സമയം. ഇതു കൂടാതെ എല്ലാ പരീക്ഷയ്ക്കും 15 മിനിറ്റ് സമാശ്വാസ സമയവും ഉണ്ടായിരിക്കും.

4) ഗ്രേഡിംഗ് രീതിയിൽ പരീക്ഷ എഴുതുന്നവരുടെ സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളു.

5) 9 പോയിന്റ് സ്കെയിലിലാണ് ഗ്രേഡിംഗ് നടപ്പിലാക്കുന്നത്.

**ഗ്രേഡിംഗ് രീതിയിലുള്ള പരീക്ഷയുടെ വിഷയം, സ്കോർ, സമയം എന്നിവയുടെ സംക്ഷിപ്തം താഴെ കൊടുത്തിരിക്കുന്നു.**

## New Scheme - മലയാളം, തമിഴ്, കന്നഡ മീഡിയം

| ക്രമ നമ്പർ | വിഷയം | സ്കോർ | | | സമയം |
|---|---|---|---|---|---|
| | | സി.ഇ | എഴുത്തു പരീക്ഷ | ആകെ | |
| 1 | ഒന്നാംഭാഷ | 20 | 60 | 80 | 2½ മണിക്കൂർ |
| 2 | ഇംഗ്ലീഷ് | 20 | 60 | 80 | 2½ മണിക്കൂർ |
| 3 | ഹിന്ദി | 10 | 40 | 50 | 2 മണിക്കൂർ |
| 4 | സോഷ്യൽ സയൻസ് | 20 | 60 | 80 | 2½ മണിക്കൂർ |
| 5 | ഊർജ്ജതന്ത്രം | 10 | 30 | 40 | 1½ മണിക്കൂർ |
| 6 | രസതന്ത്രം | 10 | 30 | 40 | 1½ മണിക്കൂർ |
| 7 | ജീവശാസ്ത്രം | 10 | 30 | 40 | 1½ മണിക്കൂർ |
| 8 | ഗണിതശാസ്ത്രം | 20 | 60 | 80 | 2½ മണിക്കൂർ |
| 9 | ഇൻഫർമേഷൻ ടെക്നോളജി | 10 | 30 | 40 | 1½ മണിക്കൂർ |

### ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D+ | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിൽ താഴെ | 1 | Need Improvement |

## ഉപരി പഠനത്തിനുള്ള അർഹത

താഴെ പറഞ്ഞിരിക്കുന്ന രണ്ടു വിഭാഗത്തിലും ഉൾപ്പെടുന്നവർക്ക് മാത്രമേ ഉപരിപഠനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

1) എഴുത്തുപരീക്ഷയിൽ **ഒന്നാം ഭാഷ, ഇംഗ്ളീഷ്, സാമൂഹ്യശാസ്ത്രം, ഗണിതം** എന്നീ വിഷയങ്ങൾക്ക് 15 സ്കോർ വീതവും ഹിന്ദിക്ക് 10 ഉം **ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഐ.ടി.** എന്നീ വിഷയങ്ങൾക്ക് 8 സ്കോർ വീതവും കുറഞ്ഞത് ലഭിക്കേണ്ടതാണ്.
2) കൂടാതെ ഓരോ വിഷയത്തിനും തുടർമൂല്യനിർണ്ണത്തിനും എഴുത്തുപരീക്ഷയ്ക്കും ലഭിച്ച ആകെ സ്കോർ ചേർത്ത് കണക്കാക്കുമ്പോൾ മിനിമം ഡി+ ഗ്രേഡും (30-39%) ലഭിക്കേണ്ട താണ്.

## പത്താംതരം തുല്യതാപരീക്ഷ എഴുതാനുള്ള അർഹത

### 1. റെഗുലർ വിഭാഗം (ആദ്യമായി പരീക്ഷ എഴുതുന്നവർ)

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പത്താം ബാച്ചിലെ 10-ാം തരം തുല്യതാ കോഴ്സ് പൂർത്തീകരിച്ചവരും 2015 ജൂൺ 1-ാം തീയതി 17 വയസ്സ് പൂർത്തിയാക്കി യവരുമായ പഠിതാക്കൾക്ക് റഗൂലർ വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്.

### 2. പ്രൈവറ്റായി പരീക്ഷ എഴുതുന്നവർ

പ്രൈവറ്റ് വിഭാഗത്തിൽ ഗ്രേഡിംഗ് രീതിയിൽ മാത്രമേ പരീക്ഷകൾ നടത്തുന്നുള്ളൂ.

### (i) പ്രൈവറ്റ് വിഭാഗം (ഗ്രേഡിംഗ്/ന്യൂ സ്കീം)

2012 ഒക്ടോബർ, 2013 സെപ്റ്റംബർ, 2014 സെപ്റ്റംബർ, 2015 സെപ്റ്റംബർ എന്നീ വർഷങ്ങളിൽ ഗ്രേഡിംഗ് രീതിയിൽ പത്താംതരം തുല്യതാ പരീക്ഷ എഴുതി വിജയിക്കാൻ കഴിയാ ത്തവർക്ക് പരാജയപ്പെട്ട വിഷയങ്ങൾക്ക് മാത്രമായി പരീക്ഷ എഴുതാവുന്നതാണ്.

## പത്താംതരം തുല്യതാപരീക്ഷ – നവംബർ 2016 – സമയവിവര പട്ടിക

### New Scheme - മലയാളം, തമിഴ്, കന്നഡ മീഡിയം വിഭാഗങ്ങൾ

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 14/11/2016 | തിങ്കൾ | ഉച്ചയ്ക്ക് 1.45 മുതൽ 4.30 വരെ | ഒന്നാം ഭാഷ (മലയാളം/തമിഴ്/കന്നഡ) |
| 15/11/2016 | ചൊവ്വ | ഉച്ചയ്ക്ക് 1.45 മുതൽ 4.30 വരെ | ഇംഗ്ലീഷ് |
| 16/11/2016 | ബുധൻ | ഉച്ചയ്ക്ക് 1.45 മുതൽ 4.00 വരെ | ഹിന്ദി |
| 17/11/2016 | വ്യാഴം | ഉച്ചയ്ക്ക് 1.45 മുതൽ 4.30 വരെ | സോഷ്യൽ സയൻസ് |
| 21/11/2016 | തിങ്കൾ | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ഊർജതന്ത്രം |
| 22/11/2016 | ചൊവ്വ | ഉച്ചയ്ക്ക് 1.45 മണി 3.30 വരെ | രസതന്ത്രം |
| 23/11/2016 | ബുധൻ | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ജീവശാസ്ത്രം |
| 24/11/2016 | വ്യാഴം | ഉച്ചയ്ക്ക് 1.45 മുതൽ 4.30 വരെ | ഗണിതശാസ്ത്രം |
| 26/11/2016 | ശനി | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ഇൻഫർമേഷൻ ടെക്നോളജി |

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം പാലിക്കേണ്ടതാണ്.
2. പരീക്ഷാ സമയ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ പരീക്ഷ മാറ്റി വയ്ക്കുന്നതല്ല.

വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ജില്ലാ സാക്ഷരതാ മിഷൻ ആഫീസുകളിൽ നിന്നും www.keralapareekshabhavan.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫാറത്തിന്റെ മാതൃക ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ഫോട്ടോ പതിച്ച് സാക്ഷരതാ മിഷൻ സെന്റർ കോ-ഓർഡിനേറ്റർ മുഖേന നിശ്ചിത തീയതിക്കു മുൻപായി അതാതു പരീക്ഷ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അനുബന്ധം 3 ൽ ചേർത്തിരിക്കുന്ന മാതൃകയിൽ പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിന് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

**പരീക്ഷാ ഫീസ് താഴെ പറയും പ്രകാരമായിരിക്കും**

| പരീക്ഷാ ഫീസ് | രൂപ |
|---|---|
| (എ) റഗുലർ വിഭാഗം (ആദ്യമായി പരീക്ഷ എഴുതുന്നവർ) | 500 രൂപ |
| (ബി) ന്യൂ സ്കീം ഗ്രേഡിങ്ങ് (പ്രൈവറ്റ്) ഒരു വിഷയം | 100 രൂപ |

റെഗുലർ വിഭാഗത്തിലുള്ളവർ (ആദ്യമായി പരീക്ഷ എഴുതുന്നവർ) മുഴുവൻ വിഷയങ്ങളും എഴുതേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് മുഖാന്തിരം മാത്രമേ പരീക്ഷാഫീസ് അടയ്ക്കുവാൻ പാടുള്ളൂ. ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ചെയ്യുന്നതല്ല.

**പിഴയില്ലാതെ പരീക്ഷാഫീസ് ഒടുക്കേണ്ട തീയതി : 19/09/2016 തിങ്കൾ മുതൽ 26/09/2016 തിങ്കൾ വരെ.**

**പിഴയോടുകൂടി (പത്ത് രൂപ) ഫീസ് ഒടുക്കേണ്ട തീയതി : 28/09/2016 ബുധൻ മുതൽ 30/09/2016 വെള്ളി വരെ.**

താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പരീക്ഷാർത്ഥികളുടെ സ്വന്തം പേരിൽ പരീക്ഷാ ഫീസ് ട്രഷറിയിൽ ഒടുക്കുവാൻ പാടില്ല. അപ്രകാരം ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല. യാതൊരു കാരണവശാലും പരീക്ഷാ ഫീസ് നേരിട്ട് തുകയായോ, ചെക്കായോ മണി ഓർഡറായോ, പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ കാര്യാലയത്തിലേക്ക് അയയ്ക്കുവാൻ പാടില്ല.

**<u>പരീക്ഷാ ഫീസിൽ നിന്നും ഒഴിവാക്കൽ</u>**

(എ) ആദ്യമായി പരീക്ഷ എഴുതുന്ന പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പരീക്ഷാഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (ആദ്യ തവണത്തേക്ക് മാത്രം) ഈ വിഭാഗത്തിൽപെടുന്ന പരീക്ഷാർത്ഥികൾ റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച ജാതി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(ബി) ആദ്യമായി പരീക്ഷ എഴുതുന്നവരിൽ സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ മുൻകൂറായി പരീക്ഷാഫീസ് ഒടുക്കിയിട്ടുള്ളവർ അപേക്ഷയോടൊപ്പം വീണ്ടും പരീക്ഷാ ഫീസ് ഒടുക്കേണ്ടതില്ല. ഇങ്ങനെ ഫീസ് ഒടുക്കിയവരുടെ പട്ടിക പരീക്ഷാഫീസ് സ്വീകരിക്കുന്ന തീയതിക്കു മുൻപായി തന്നെ സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ അതാത് പരീക്ഷാ ചീഫ് സൂപ്രണ്ടുമാർക്ക് എത്തിക്കേണ്ടതാണ്.

ഈ വർഷം മുതൽ പരീക്ഷാകേന്ദ്രങ്ങളിൽ ശേഖരിക്കുന്ന പരീക്ഷാഫീസ് മുഴുവൻ തുകയും ചീഫ് സൂപ്രണ്ടുമാർ 07.10.2016-നു മുൻപായി പരീക്ഷാഭവൻ സെക്രട്ടറിയുടെ പേരിൽ എസ്.ബി.റ്റി. പൂജപ്പുര ശാഖയിൽ ആരംഭിച്ചിട്ടുള്ള 67374991995 എന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷ നടത്തിപ്പിന് ആവശ്യമായ തുക, പരീക്ഷാർത്ഥികളുടെ എണ്ണം രേഖപ്പെടുത്തിയ ഫോറം അടങ്ങിയ സ്റ്റേറ്റ്മെന്റ് എന്നിവ pareekshabhavancgl@gmail.com എന്ന E-mail ID- യിലേക്ക് 15.10.2016 നു മുൻപായി അയക്കേണ്ടതുമാണ്.

## പരീക്ഷാർത്ഥികൾ അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

1) പരീക്ഷാർത്ഥികൾ അനുബന്ധം 1 ൽ കാണിച്ചിരിക്കുന്ന മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾക്കൊപ്പം നിശ്ചിത ഫീസ് സഹിതം അതാത് പരീക്ഷാകേന്ദ്രം ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിക്കേണ്ടതാണ്.
2) ആദ്യമായി പരീക്ഷ എഴുതുന്നവർ സംസ്ഥാന സാക്ഷരതാമിഷൻ നടത്തിയ പത്താംതരം തുല്യതാ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ടെന്നതിനുള്ള സാക്ഷ്യപത്രം കൂടി ജില്ലാ പ്രോജക്ട് കോ- ഓർഡിനേറ്റർമാരിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3) പ്രൈവറ്റായി പരീക്ഷ എഴുതുന്നവർ മുൻ അവസരങ്ങളിൽ ലഭിച്ചിട്ടുള്ള എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4) അപേക്ഷയോടൊപ്പം ജനന തീയതി, വിദ്യാഭ്യാസയോഗ്യത, ജാതി (ആവശ്യമെങ്കിൽ) എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ കൂടി സമർപ്പിക്കേണ്ടതാണ്. (ജനനതീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി തോറ്റ സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ജനനസർട്ടിഫിക്കറ്റ്, മുദ്രപത്രത്തിൽ (15 രൂപ) തയ്യാറാക്കിയ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ എക്സ്ട്രാക്ട് , ഏഴാം തരം തുല്യത പരീക്ഷ വിജയിച്ച സർട്ടിഫിക്കറ്റ്, എന്നിവ സ്വീകാര്യമാണ്.
5) Application-ലും (Annexure -1) പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റിലും (അനുബന്ധം-3) നൽകുന്ന ഫോട്ടോകളും, അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയും ഒരേ കോപ്പികൾ തന്നെയായിരിക്കണം. മാത്രമല്ല മൂന്നുമാസത്തിനുള്ളിൽ എടുത്തതുമായി രിക്കണം.

## സവിശേഷ സഹായം ആവശ്യമുള്ളവരുടെ പരീക്ഷാനുകൂല്യങ്ങൾ

1. പ്രത്യേക ആനുകൂല്യത്തിനുള്ള ഉത്തരവ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ വഴി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ IED വിഭാഗത്തിൽ നിന്നും 15/10/2016 ശനിയാഴ്ചയ്ക്കു മുമ്പായി വാങ്ങേണ്ടതും ഒരു കോപ്പി പരീക്ഷാസെന്ററിൽ സമർപ്പിക്കേണ്ടതുമാണ്. പരീക്ഷാർത്ഥി നേരിട്ട് IED വിഭാഗത്തിൽ സമർപ്പിക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.

2. IED വിഭാഗം വിദ്യാർത്ഥികൾക്ക് വ്യാഖ്യാതാവിന്റെ സേവനം ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

3. സ്ക്രൈബായി നിയോഗിക്കപ്പെടുന്ന ആളുടെ പരീക്ഷാ യോഗ്യത പരീക്ഷാർത്ഥിയേക്കാൾ കൂടുവാൻ പാടുള്ളതല്ല. സ്ക്രൈബായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് പേപ്പറിന് 100/- രൂപ പ്രകാരം റെമ്യൂനറേഷൻ നൽകുന്നതാണ്. ഈ തുക ഫീസിനത്തിൽ പരീക്ഷാ കേന്ദ്രത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

4. ബധിര പരീക്ഷാർത്ഥികൾക്ക് ഹിന്ദി വിഷയം ഒഴിവാക്കാവുന്നതാണ്. ഹിന്ദിക്കു പകരമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം, ഹോർട്ടി കൾച്ചർ, കേറ്ററിംഗ്, ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താല്പര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്.

5. ഹിന്ദി ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (CE) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

6. ഹിന്ദിക്കു പകരം തെരഞ്ഞെടുത്ത വിഷയങ്ങളിലെ പരീക്ഷ, പൊതു പരീക്ഷയ്ക്കു ശേഷം പരീക്ഷാഭവൻ നേരിട്ട് നടത്തുന്നതാണ്.

ഹിന്ദി വിഷയം ഒഴിവാക്കിയ ബധിര പഠിതാക്കളിൽ നിന്ന് അനുബന്ധം -4 ആയി ചേർത്തിരിക്കുന്ന നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷ ചീഫ് സൂപ്രണ്ടുമാർ സ്വീകരിച്ച് പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ടതാണ്. കൂടാതെ pareekshabhavancgl@gmail.com –എന്ന mail Id യിൽ മെയിൽ ചെയ്യേണ്ടതുമാണ്.

## പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്ന വിധം

പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന കാൻഡിഡേറ്റ് ലിസ്റ്റിന്റെ കൈയെഴുത്തു പ്രതി സ്കൂളുകളിൽ നിന്നും തയ്യാറാക്കേണ്ടതില്ല. പരീക്ഷാർത്ഥികളുടെ വിവരങ്ങൾ, സി. ഇ. മാർക്ക്, ഫോട്ടോ എന്നിവ സ്കൂളുകളിൽ നിന്നും പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapareekshabhavan.in വഴി ഓൺ ലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്. പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ വഴി നൽകുമ്പോൾ ഓരോ വിദ്യാർത്ഥിയും **മുൻ വർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പറും വർഷവും ജയിച്ച മാർക്കും, ഗ്രേഡും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.** മുഴുവൻ അവസരങ്ങളുടേയും വിവരങ്ങൾ നൽകാത്തവർക്ക് പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**തുല്യതാപരീക്ഷയ്ക്ക് അപേക്ഷിക്കുന്നവരുടെ പേരു വിവരങ്ങളടങ്ങിയ രേഖകളും പരീക്ഷാർത്ഥികളുടെ വിവരങ്ങളടങ്ങിയ പ്രിൻഔട്ടും ഒരുമിച്ച് ബൈൻഡ് ചെയ്ത് രജിസ്റ്ററാക്കി പരീക്ഷാസെന്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.** ഇവർ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അനുബന്ധരേഖകൾ കൂടി ഈ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. പിന്നീട് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനും മറ്റും അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷാർത്ഥിയുടെ ബയോ

ഡാറ്റ പരിശോധിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി ഇവ ഉപയോഗിക്കേണ്ടതാണ്. ഓൺലൈൻ വഴി ഈ കാര്യാലയത്തിൽ സ്വീകരിച്ച പരീക്ഷാർത്ഥികളുടെ **വിവരങ്ങളടങ്ങിയ പ്രിന്റൗട്ട് പരീക്ഷാ കേന്ദ്രങ്ങളിൽ യഥാസമയം** തുടർ പരിശോധനയ്ക്കും തിരുത്തലിനുമായി എത്തിക്കുന്നതാണ്. തിരുത്തലുകൾ ഓൺലൈനിൽ തന്നെ നടത്തേണ്ടതാണ്.

## അഡ്മിഷൻ ടിക്കറ്റ് വിതരണം

റഗുലർ, പ്രൈവറ്റ് വിദ്യാർത്ഥികളുടെ ഫോട്ടോയോടുകൂടിയ അഡ്മിഷൻ ടിക്കറ്റുകൾ ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടുമാർക്ക് ലഭിക്കുന്നതാണ്. പരീക്ഷാർത്ഥികളെ ശരിയായി തിരിച്ചറിഞ്ഞ് പൂർണ്ണ വിശ്വാസം വന്നതിനുശേഷം മാത്രമേ അഡ്മിഷൻ ടിക്കറ്റ് നൽകുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും അഡ്മിഷൻ ടിക്കറ്റുകൾ മാറി കൊടുക്കുവാൻ ഇടയാകരുത്. അതുമൂലം പരീക്ഷാർത്ഥികൾക്കുണ്ടാവുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ചീഫ് സൂപ്രണ്ട് തന്നെയായിരിക്കും ഉത്തരവാദി.

- പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും പരീക്ഷാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് നൽകേണ്ടതാണ്.
- അഡ്മിഷൻ ടിക്കറ്റുകൾ ലഭിച്ചാലുടൻ തന്നെ പരീക്ഷാർത്ഥികൾ അവയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിശദമായി പരിശോധിക്കേണ്ടതും അതിൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഉടൻ തന്നെ ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് തിരുത്തി വാങ്ങേണ്ടതുമാണ്. പരീക്ഷ തുടങ്ങിയതിനുശേഷമുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- അഡ്മിഷൻ ടിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ഒരു രജിസ്റ്റർ ചീഫ് സൂപ്രണ്ട് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## പരീക്ഷാസർട്ടിഫിക്കറ്റുകളുടെ വിതരണം

(എ) ഗ്രേഡ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടുമാർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി അയച്ചുകൊടുക്കുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ അധികൃതർ രേഖാമൂലം അറിയിക്കേണ്ടതും, വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ബി) സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിന് മുൻപ് ചീഫ് സൂപ്രണ്ട് അതിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റ് വിതരണം

ചെയ്യുന്നതിന് മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ പരീക്ഷാർത്ഥി യുടെ കൈയൊപ്പ് വാങ്ങേണ്ടതാണ്.

(സി) കാർഡിന്റെ വിവരശേഖരണഭാഗത്ത് അടിയിലായി ഹെഡ്മാസ്റ്ററുടെ ഒപ്പ് പതിക്കേണ്ട താണ്. <u>സർട്ടിഫിക്കറ്റുകളിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല</u>. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്. പേരും, ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപന ത്തിന്റെ മുദ്ര കൂടി പതിച്ചുവേണം കാർഡുകൾ പരീക്ഷാർത്ഥികൾക്ക് നൽകേണ്ടത്.

## <u>പരീക്ഷാ കേന്ദ്രങ്ങൾ</u>

1) പരീക്ഷാ കേന്ദ്രങ്ങളുടെ പട്ടിക ഈ വിജ്ഞാപനത്തോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.
2) പരീക്ഷാർത്ഥികൾ അവരവർക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിൽതന്നെ പരീക്ഷ എഴുതേണ്ടതാണ്.
3) പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർ ആദ്യമായി തുല്യതാപരീക്ഷ എഴുതിയ സ്കൂൾ മുഖാന്തിരം വേണം പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷി ക്കേണ്ടത്.
4) ഒരിക്കൽ അനുവദിച്ച പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റുന്നതല്ല.

## <u>സേവ് എ ഇയർ (SAY) പരീക്ഷ</u>

2016 നവംബർ മാസത്തിലെ പത്താംതരം തുല്യതാ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടാനാകാത്ത റഗുലർ വിഭാഗം (ആദ്യമായി അപേക്ഷിച്ച് പരീക്ഷ എഴുതുന്ന) പഠിതാക്കൾക്ക് സേവ് എ ഇയർ (സേ) പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് പ്രത്യേക വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

## <u>ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം</u>

ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതിന് അനുബന്ധം 2 ആയി കൊടുത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. ഇതിനായി പ്രത്യേക അറിയിപ്പ് പിന്നീട് നൽകുന്നതാണ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം അതിനായി അപേക്ഷിക്കേണ്ടതാണ്.

## <u>സ്കോർ വിവരം അറിയുന്നതിന്</u>

ഗ്രേഡിംഗ് രീതിയിൽ പരീക്ഷ എഴുതിയവർക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരി പഠനത്തിന് പോകുന്നവർക്ക് പ്രവേശനത്തി നായി പത്താംതരം തുല്യതാ പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ വെള്ള പേപ്പറിൽ എഴുതിയ അപേക്ഷയും 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സഹിതം പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷിച്ചാൽ ചേരാനുദ്ദേശിക്കുന്ന സ്ഥാപന മേധാവിക്ക് രഹസ്യമായി സ്കോർ വിവരം

അയച്ചു കൊടുക്കുന്നതാണ്.  ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം അയച്ചു കൊടുക്കുന്നതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

Sd/-

**പരീക്ഷാ കമ്മീഷണർ**

Sl. No:…………..……
(For office use only)

Affix a passport size photo of the candidate here

**ANNEXURE 1**

**APPLICATION FOR STANDARD X EQUIVALENCY COURSE EXAMINATION – November 2016**
**(Regular/Private)**
**(All columns should be filled only in Capital Letters)**

1. Educational District :
2. Name of Centre :
3. Candidate Type (Regular/Private) :
4. Medium of Candidate (Malayalam/Kannada/ Tamil) :
5. Name of Candidate :
6. Name in regional Language :
7. Sex (Male /Female) :
8. Date of birth in figures :
   In words :
9. Place of birth :
10. Name of Father :
11. Name of Guardian :
12. Name of Mother :
13. Nationality :
14. Religion :
15. Caste :
16. Category (Whether SC/ST/OEC/OBC/GL) :
17. Home Address with Phone No. :
18. Personal marks of identification :
    (1)
    (2)
19. Whether Eligible for fee concession (if yes, certificate to be enclosed) :

20. Details regarding fee remitted

(a) Name of Examination centre in which the fee remitted :

(b) Amount and date :

21. **Subject applied for (private candidates new scheme)**

| **Sl. No** | **Name of Subject** |
|---|---|
| 1 | |
| 2 | |
| 3 | |
| 4 | |
| 5 | |
| 6 | |
| 7 | |
| 8 | |
| 9 | |

22. **Details of all previous chances appeared (Private candidate only)**

| **Sl. No** | **Reg. No.** | **Month and Year** | **Subject/Part passed with Score/Grade** |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |

**Declaration**

I hereby declare that the details furnished above are true to my knowledge.

Place: **Signature of the Candidate**

Date :

## അനുബന്ധം 2
## പത്താംതരം തുല്യതാപരീക്ഷ – നവംബർ 2016
### ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം നടത്തുന്നതിനുള്ള അപേക്ഷ

2016 നവംബറിലെ തുല്യതാപരീക്ഷയ്ക്ക്
ലഭിച്ച രജിസ്റ്റർ നമ്പർ :

പരീക്ഷാർത്ഥിയുടെ പേര് :

പരീക്ഷാർത്ഥിയുടെ പൂർണ്ണ മേൽവിലാസം, :
ഫോൺ നമ്പർ, പോസ്റ്റാഫീസിന്റെ പേരും
പിൻകോഡും ഉൾപ്പെടെ

പരീക്ഷ എഴുതിയ കേന്ദ്രത്തിന്റെ പേരും നമ്പരും :

ജില്ലയുടെ പേര് :

### മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | വിഷയത്തിന്റെ പേര് | നവംബർ 2016 പത്താതരം തുല്യതാപരീക്ഷയ്ക്ക് ലഭിച്ച മാർക്ക്/ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

മേൽ പ്രസ്താവിച്ച വസ്തുതകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിച്ച് ശരിയാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

സ്ഥലം: **ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്**

തീയതി: ഓഫീസ് മുദ്ര

N.B. ഫീസ് പണമായി അപേക്ഷയോടൊപ്പം പരീക്ഷ എഴുതിയ സെന്ററിലെ ഹെഡ്മാസ്റ്ററിന് സമർപ്പിക്കേണ്ടതാണ്.

## <u>അനുബന്ധം 3</u>

# പത്താംതരം തുല്യതാപരീക്ഷ – നവംബർ 2016
## പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻ ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്)

Photo

പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് ഫോട്ടോയുടെ പുറത്ത് ഇടേണ്ടതാണ് (റബ്ബർ സ്റ്റാമ്പ് ഫോട്ടോയിൽ പതിക്കുവാൻ പാടില്ല)

പരീക്ഷാർത്ഥിയുടെ പേര് :

ജനനതീയതി :

പൂർണ്ണമായ മേൽ വിലാസം :

സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും :

പരീക്ഷാർത്ഥിയുടെ ഒപ്പ് :

(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാണ്)

2016 നവംബർ പത്താംതരം തുല്യതാ പരീക്ഷാർത്ഥിയായ ശ്രീ/ശ്രീമതി.........................

........................................ യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **സാക്ഷ്യപ്പെടുത്തുന്ന ഓഫീസറുടെ ഒപ്പ്**

തീയതി: ഓഫീസ് മുദ്ര

# അനുബന്ധം-4

## പത്താംതരം തുല്യതാപരീക്ഷ - നവംബർ 2016

ഹിന്ദിക്ക് പകരം വൊക്കേഷണൽവിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിന് ബധിര പഠിതാക്കൾക്കുള്ള അപേക്ഷ

**(27/08/2011 ലെ സ.ഉ. (സാധാ) നമ്പർ 3493/11/പൊ.വി.വ. പ്രകാരം)**

1. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :
2. പരീക്ഷാർത്ഥിയുടെ പേര് :
3. പൂർണ്ണമായ മേൽവിലാസം :
4. വിദ്യാഭ്യാസ ജില്ല :
5. രജിസ്റ്റർ നമ്പർ :
6. ഹിന്ദി വിഷയം ഒഴിവാക്കുന്നതിന് പകരമായി തെരഞ്ഞെടുത്ത വിഷയം :
7. ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച സർട്ടിഫിക്കറ്റിലെ ഡോക്ടറുടെ പേരും ഔദ്യോഗിക മേൽവിലാസവും :

### സത്യപ്രസ്താവന

മേൽ പറഞ്ഞ വസ്തുതകൾക്ക് വിധേയമായി 2016 നവംബറിലെ പത്താംതരം തുല്യതാ പരീക്ഷയിൽ ഹിന്ദിയ്ക്കു പകരം വൊക്കേഷണൽ വിഷയം തെരഞ്ഞെടുക്കുന്നതിനുള്ള ആനുകൂല്യം ആവശ്യമാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

### ചീഫ് സൂപ്രണ്ടിന്റെ ശുപാർശ

2016 നവംബറിലെ പത്താംതരം തുല്യതാപരീക്ഷയിൽ ഹിന്ദിക്കു പകരം വൊക്കേഷണൽ വിഷയമായ ---------------------------------- തെരഞ്ഞെടുക്കുന്നതിനുള്ള അനുവാദത്തിനായി ശുപാർശ ചെയ്യുന്നു.

സ്ഥലം: **ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്**

തീയതി: ഓഫീസ് മുദ്ര

---

**കുറിപ്പ്-** പരീക്ഷാ കേന്ദ്രത്തിൽ ഹിന്ദി വിഷയം ഒഴിവാക്കി ബധിര പഠിതാക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതാത് ചീഫ് സൂപ്രണ്ടുമാർ പരീക്ഷാ കേന്ദ്രത്തിൽ നിന്ന് അപേക്ഷ സൂപ്രണ്ട്, സി.ജനറൽ സെക്ഷൻ, പരീക്ഷാഭവൻ എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം 17/10/2016 ന് മുമ്പ് അയയ്ക്കേണ്ടതും www.pareekshabhavancgl@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

# പത്താംതരം തുല്യതാ പരീക്ഷ 2016
# പരീക്ഷാ കേന്ദ്രങ്ങളുടെ പേര് വിവരങ്ങൾ

| | റവന്യൂ ജില്ല | പരീക്ഷാ കേന്ദ്രങ്ങൾ | പരീക്ഷാ കേന്ദ്ര ത്തിന്റെ നമ്പർ | വിദ്യാഭ്യാസ ജില്ല യുടെ പേര് |
|---|---|---|---|---|
| 1. | തിരുവന ന്തപുരം | ഗവൺമെന്റ് എച്ച്. എസ്. ഫോർ ഗേൾസ് ധനുവച്ചപുരം, ധനുവച്ചപുരം പി.ഒ, പിൻ- 695 503 | 44006 | നെയ്യാറ്റിൻകര |
| 2. | തിരുവന ന്തപുരം | ഗവൺമെന്റ് ഹൈസ്ക്കൂൾ കാഞ്ഞിരംകുളം, കാഞ്ഞിരംകുളം പി.ഒ. പിൻ - 695 524 | 44012 | നെയ്യാറ്റിൻകര |
| 3. | തിരുവന ന്തപുരം | ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, പൂവച്ചൽ, പൂവച്ചൽ പി.ഒ.,പിൻ- 695575 | 44020 | നെയ്യാറ്റിൻകര |
| 4. | തിരുവന ന്തപുരം | ഗവ. ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് മലയിൻകീഴ്, മലയിൻകീഴ് പി.ഒ.പിൻ-695571 | 44024 | നെയ്യാറ്റിൻകര |
| 5. | തിരുവന ന്തപുരം | ഗവ. ബോയ്സ് ഹയർസെക്കണ്ടറി സ്ക്കൂൾ, നെയ്യാറ്റിൻകര, നെയ്യാറ്റിൻകര. പി.ഒ. പിൻ-695 121 | 44035 | നെയ്യാറ്റിൻകര |
| 6. | തിരുവന ന്തപുരം | ഗവ. എച്ച്.എസ്. ഫോർ ഗേൾസ് നെയ്യാറ്റിൻകര, നെയ്യാറ്റിൻകര പി.ഒ, പിൻ- 695 121 | 44037 | നെയ്യാറ്റിൻകര |
| 7. | തിരുവന ന്തപുരം | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പാറശ്ശാല, പാറശ്ശാല പി.ഒ, പിൻ -695502 | 44041 | നെയ്യാറ്റിൻകര |
| 8. | തിരുവന ന്തപുരം | ഗവ. എച്ച്.എസ്. തിരുപുറം, തിരു പുറം. പി.ഒ, പിൻ-695933 | 44073 | നെയ്യാറ്റിൻകര |
| 9. | തിരുവന ന്തപുരം | ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, പട്ടം, തിരുവനന്തപുരം, പട്ടം.പി.ഒ, പിൻ-695004 | 43035 | തിരുവനന്തപുരം |
| 10. | തിരുവന ന്തപുരം | ഗവ. സാൻസ്ക്രിറ്റ് ഹൈസ്ക്കൂൾ, ഫോർട്ട്, തിരുവനന്തപുരം, ഫോർട്ട്. പി.ഒ, തിരുവനന്തപുരം- 695 023 | 43060 | തിരുവനന്തപുരം |
| 11. | തിരുവന ന്തപുരം | ഗവ. ഹൈസ്ക്കൂൾ വാഴമുട്ടം, പാച്ചല്ലൂർ. പി.ഒ., തിരുവനന്തപുരം- 695 027 | 43069 | തിരുവനന്തപുരം |
| 12. | തിരുവന ന്തപുരം | ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കമലേശ്വരം, മണക്കാട്.പി.ഒ, പിൻ- 695009 | 43070 | തിരുവനന്തപുരം |
| 13. | തിരുവന ന്തപുരം | ഗവ.ഗേൾസ് ഹൈസ്കൂൾ, ചാല, ചാല. പി.ഒ, പിൻ-695036 | 43079 | തിരുവനന്തപുരം |
| 14. | തിരുവന ന്തപുരം | ഗവ.ബോയ്സ് ഹൈസ്കൂൾ, ചാല, ചാല. പി.ഒ, പിൻ-695036 | 43080 | തിരുവനന്തപുരം |
| 15. | തിരുവന ന്തപുരം | ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ചാല, ചാല.പി.ഒ, പിൻ-695036 | 43081 | തിരുവനന്തപുരം |
| 16. | തിരുവന ന്തപുരം | ഗവ. ഗേൾസ് ഹൈസ്കൂൾ, ആറ്റിങ്ങൽ, ആറ്റിങ്ങൽ.പി.ഒ, പിൻ-695101 | 42008 | ആറ്റിങ്ങൽ |

| | | | | |
|---|---|---|---|---|
| 17. | തിരുവന ന്തപുരം | എസ്.സി.വി. ഹൈസ്ക്കൂൾ ഫോർ ബോയ്സ് ചിറയിൻകീഴ്, ചിറയിൻകീഴ്. പി.ഒ., പിൻ–695 304 | 42013 | ആറ്റിങ്ങൽ |
| 18. | തിരുവന ന്തപുരം | ഗവൺമെന്റ് ഹൈസ്കൂൾ കിളിമാനൂർ, കിളിമാനൂർ പി.ഒ, പിൻ– 695601 | 42025 | ആറ്റിങ്ങൽ |
| 19. | തിരുവന ന്തപുരം | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഞെക്കാട്, വടശ്ശേരി ക്കോണം പി.ഒ. പിൻ–695 143 | 42035 | ആറ്റിങ്ങൽ |
| 20. | തിരുവന ന്തപുരം | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. നെടുമങ്ങാട്, നെടുമങ്ങാട്. പി.ഒ, പിൻ–695541 | 42037 | ആറ്റിങ്ങൽ |
| 21. | തിരുവന ന്തപുരം | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വെഞ്ഞാറമൂട്, വെഞ്ഞാറമൂട് പി.ഒ, പിൻ– 695 607 | 42051 | ആറ്റിങ്ങൽ |
| 22. | തിരുവന ന്തപുരം | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്ക ണ്ടറി സ്ക്കൂൾ വിതുര, വിതുര പി.ഒ പിൻ– 695551 | 42059 | ആറ്റിങ്ങൽ |
| 23. | തിരുവന ന്തപുരം | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കല്ലറ,കല്ലറ പി.ഒ, പിൻ– 695608 | 42071 | ആറ്റിങ്ങൽ |
| 24. | കൊല്ലം | എ.വി. ഗവ. ഹൈസ്ക്കൂൾ ഫോർ ബോയ്സ് താഴവ, താഴവ. പി.ഒ., പിൻ– 690 523 | 41035 | കൊല്ലം |
| 25. | കൊല്ലം | എം.ജി.റ്റി. ഹൈസ്കൂൾ മുഖത്തല, മുഖ ത്തല പി.ഒ., പിൻ–691 577 | 41040 | കൊല്ലം |
| 26. | കൊല്ലം | ഗവ. എൽ.വി. ഹൈസ്ക്കൂൾ കടപ്പ, മൈനാഗപ്പള്ളി. പി.ഒ., പിൻ– 690 519 | 41049 | കൊല്ലം |
| 27. | കൊല്ലം | ഗവ. മോഡൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ഫോർ ബോയ്സ് തേവള്ളി,തേവള്ളി. പി.ഒ, കൊല്ലം– 691 009 | 41056 | കൊല്ലം |
| 28. | കൊല്ലം | ഗവ. മോഡൽ ഹൈസ്കൂൾ ഫോർ ഗേൾസ്, കൊല്ലം, തേവള്ളി,തേവള്ളി പി.ഒ., പിൻ– 691 009 | 41069 | കൊല്ലം |
| 29. | കൊല്ലം | എം.റ്റി.എച്ച്. എസ്. പത്തനാപുരം, പത്ത നാപുരം പി.ഒ.പിൻ– 689695 | 40009 | പുനലൂർ |
| 30. | കൊല്ലം | ഗവ. ഹയർസെക്കണ്ടറി സ്ക്കൂൾ പുനലൂർ, പുനലൂർ. പി.ഒ., പിൻ–691 305 | 40015 | പുനലൂർ |
| 31. | കൊല്ലം | തടിക്കാട് എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്. തടിക്കാട് പി.ഒ, പിൻ– 691306 | 40046 | പുനലൂർ |
| 32. | കൊല്ലം | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ശാസ്താംകോട്ട, ശാസ്താംകോട്ട പി.ഒ. പിൻ– 690521 | 39004 | കൊട്ടാരക്കര |
| 33. | കൊല്ലം | ഗവ. ഹൈസ്ക്കൂൾ തേവന്നൂർ, തേവന്നൂർ. പി.ഒ. പിൻ– 691 533 | 39008 | കൊട്ടാരക്കര |
| 34. | കൊല്ലം | എസ്.കെ. വൊക്കേഷണൽ ഹൈസ്കൂൾ തൃക്കണ്ണമംഗൽ, പിൻ– 691506, കൊട്ടാ രക്കര | 39019 | കൊട്ടാരക്കര |

| | | | | |
|---|---|---|---|---|
| 35. | പത്തനം തിട്ട | ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. അടൂർ, അടൂർ പി.ഒ,പത്തനംതിട്ട- 691 523 | **38003** | പത്തനംതിട്ട |
| 36. | പത്തനം തിട്ട | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കോന്നി, കോന്നി. പി.ഒ പിൻ- 689 691, പത്തനംതിട്ട | **38038** | പത്തനംതിട്ട |
| 37. | പത്തനം തിട്ട | ഗവൺമെന്റ് എച്ച്. എസ്. കോഴഞ്ചേരി, കോഴഞ്ചേരി. പി.ഒ. പിൻ- 689 641 | **38040** | പത്തനംതിട്ട |
| 38. | പത്തനം തിട്ട | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ& വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പത്തനംതിട്ട, പത്തനംതിട്ട പി.ഒ. പിൻ- 689645 | **38060** | പത്തനംതിട്ട |
| 39. | പത്തനം തിട്ട | എം.എസ്. ഹയർ സെക്കണ്ടറി സ്ക്കൂൾ റാന്നി, റാന്നി പി.ഒ., പിൻ- 689 672 | **38068** | പത്തനംതിട്ട |
| 40. | പത്തനം തിട്ട | പഞ്ചായത്ത് എച്ച്. എസ്. കുളനട, കുളനട പി.ഒ. പിൻ- 689503 | **38096** | പത്തനംതിട്ട |
| 41. | പത്തനം തിട്ട | സി. എം.എസ്. എച്ച്. എസ്. മല്ലപ്പള്ളി,മല്ലപ്പള്ളി ഈസ്റ്റ് പി.ഒ., പിൻ- 689 584 | **37028** | തിരുവല്ല |
| 42. | പത്തനം തിട്ട | ഗവൺമെന്റ് മോഡൽ ഗേൾസ് എച്ച്. എസ്. തിരുവല്ല, തിരുവല്ല പി.ഒ, പിൻ- 689 101 | **37046** | തിരുവല്ല |
| 43. | ആലപ്പുഴ | ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, ചെങ്ങന്നൂർ. പി.ഒ, പിൻ-689 121 | **36006** | മാവേലിക്കര |
| 44. | ആലപ്പുഴ | ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ മാവേലിക്കര, മാവേലിക്കര പി.ഒ., പിൻ- 690101 | **36028** | മാവേലിക്കര |
| 45. | ആലപ്പുഴ | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ചാത്തിയറ, താമരക്കുളം. പി.ഒ, പിൻ- 690 505 | **36034** | മാവേലിക്കര |
| 46. | ആലപ്പുഴ | ഗവ. ഹൈസ്ക്കൂൾ രാമപുരം, കീരിക്കാട് പി.ഒ., പിൻ-690 508 | **36065** | മാവേലിക്കര |
| 47. | ആലപ്പുഴ | ഗവൺമെന്റ് മുഹമ്മദൻസ് ജി.എച്ച്.എസ്. എസ്. ആലപ്പുഴ, ആലപ്പുഴ, പിൻ-688001 | **35009** | ആലപ്പുഴ |
| 48. | ആലപ്പുഴ | കെ.കെ. കുഞ്ഞുപിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹൈസ്കൂൾ അമ്പലപ്പുഴ പി.ഒ. പിൻ- 688561 | **35019** | ആലപ്പുഴ |
| 49. | ആലപ്പുഴ | ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്ക്കൂൾ ഹരിപ്പാട്, ഹരിപ്പാട് പി.ഒ. പിൻ- 690514 | **35027** | ആലപ്പുഴ |
| 50. | ആലപ്പുഴ | ഗവൺമെന്റ് വി.വി. ഹൈസ്കൂൾ കോടംതുരുത്ത്, കുത്തിയതോട് പി.ഒ, പിൻ- 688533 | **34018** | ചേർത്തല |
| 51. | ആലപ്പുഴ | ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. എസ്. ചേർത്തല, ചേർത്തല പി.ഒ, പിൻ- 688524 | **34024** | ചേർത്തല |
| 52. | ആലപ്പുഴ | ജി. എച്.എം.എം. ഹയർ സെണ്ടറി സ്ക്കൂൾ, എസ്.എൽ.പുരം, എസ്. എൽ.പുരം. പി.ഒ, പിൻ-689 572 | **34040** | ചേർത്തല |
| 53. | ആലപ്പുഴ | ഗവൺമെന്റ് വി.എച്ച്.എസ്.എസ്.തലവടി,4തലവടി പി.ഒ, പിൻ- 689572 | **46071** | കുട്ടനാട് |

| | | | | |
|---|---|---|---|---|
| 54. | കോട്ടയം | ഗവൺമെന്റ് മോഡൽ എച്ച്. എസ്. ചങ്ങനാശ്ശേരി, ചങ്ങനാശ്ശേരി പി.ഒ, പിൻ- 686101 | 33015 | കോട്ടയം |
| 55. | കോട്ടയം | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ,തൃക്കൊടിത്താനം, തൃക്കൊടിത്താനം പി.ഒ, പിൻ- 686011 | 33016 | കോട്ടയം |
| 56. | കോട്ടയം | ഗവൺമെന്റ് മോഡൽ എച്ച്.എസ്. എസ്. കോട്ടയം, കോട്ടയം പി.ഒ, പിൻ-686001 | 33027 | കോട്ടയം |
| 57. | കോട്ടയം | എം.റ്റി.എസ്. ഹയർ സെക്കണ്ടറി സ്കൂൾ കോട്ടയം,കോട്ടയം പി.ഒ., പിൻ- 686001 | 33042 | കോട്ടയം |
| 58. | കോട്ടയം | പൊൻകുന്നം വർക്കീ മെമ്മോറിയൽ ഗവൺമെന്റ് എച്ച്.എസ്.എസ്. പാമ്പാടി, പാമ്പാടി പി.ഒ, പിൻ- 686502 | 33068 | കോട്ടയം |
| 59. | കോട്ടയം | ഡി.ബി.എച്ച്.എസ്.എസ്. പത്തനാട്, കങ്ങഴ പി.ഒ, പിൻ- 686541 | 32006 | കാഞ്ഞിരപ്പള്ളി |
| 60. | കോട്ടയം | ഗവൺമെന്റ് വി. എച്ച്. എസ്.എസ്. ഈരാറ്റുപേട്ട, ഈരാറ്റുപേട്ട പി.ഒ., പിൻ- 686122 | 32008 | കാഞ്ഞിരപ്പള്ളി |
| 61. | കോട്ടയം | ഗവൺമെന്റ് എച്ച്.എസ്.എസ്. കാഞ്ഞിരപ്പള്ളി, കാഞ്ഞിരപ്പള്ളി പി.ഒ, പിൻ- 686507 | 32029 | കാഞ്ഞിരപ്പള്ളി |
| 62. | കോട്ടയം | ഗവൺമെന്റ് എച്ച്.എസ്. എസ്. പേട്ട, കാഞ്ഞിരപ്പള്ളി, കാഞ്ഞിരപ്പള്ളി പി.ഒ, പിൻ- 686507 | 32032 | കാഞ്ഞിരപ്പള്ളി |
| 63. | കോട്ടയം | ഗ്രേസീ മെമ്മോറിയൽ ഹൈസ്കൂൾ, പാറത്തോട്, പാറത്തോട് പി.ഒ, പിൻ-686512 | 32049 | കാഞ്ഞിരപ്പള്ളി |
| 64. | കോട്ടയം | സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കണ്ടറി സ്ക്കൂൾ രാമപുരം, രാമപുരം ബാസാർ പി. ഒ, പിൻ-686 576 | 31065 | പാല |
| 65. | കോട്ടയം | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പാല, പാല പി.ഒ, പിൻ- 686 575 | 31086 | പാല |
| 66. | കോട്ടയം | ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. എസ്. വൈക്കം, വൈക്കം പി.ഒ പിൻ- 686141 | 45009 | കടുതുരുത്തി |
| 67. | കോട്ടയം | ഗവൺമെന്റ് വി.എച്ച്.എസ്. കടുത്തുരുത്തി, കടുതുരുത്തി പി.ഒ., പിൻ- 686604 | 45021 | കടുതുരുത്തി |
